വികലാംഗനെ മർദ്ദിച്ചവശനാക്കിയ സംഭവം

71 (3000)ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പത്തിയൂർ തോട്ടം മുറിയിൽ ലീലാ ഭവനത്തിൽ അജിത്കുമാർ എന്ന വികലാംഗനായ യുവാവിനെ കരീലക്കുളങ്ങര പോലീസ് സ്റ്റേഷനതിർത്തിയിൽ വച്ച് ചിലർ സംഘം ചേർന്ന് മർദ്ദിച്ചവശനാക്കുകയും കൈകാലുകൾ തല്ലിയൊടിക്കുകയും ചെയ്ത സംഭവത്തിൽ കുറ്റക്കാരെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ ഏതെല്ലാം വകുപ്പനുസരിച്ചാണ് കേസെടുത്തിട്ടുള്ളത്;

(സി) ഈ കേസിലെ പ്രതികൾ ആരെല്ലാമെന്നും ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ;

(ഡി) പരാതിക്കാരന്റെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) സെക്ഷൻ 324, 326 ആന്റ് 34 ഐ.പി.സി. പ്രകാരം.

(സി) 1. മോഹനദാസ്

2. നവാസ് എന്നിവരാണ് പ്രതികൾ. ടി പ്രതികളെ 6.7.1999-ൽ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതി ടിയാൻമാരെ റിമാന്റ് ചെയ്തിട്ടുള്ളവരും 8.7.1999ൽ പ്രതികൾ കോടതിയിൽ നിന്നും ജാമ്യത്തിൽ പോയിട്ടുള്ളതുമാണ്.

(ഡി) സംഭവസ്ഥലത്ത് 1.6.1999 വരെ പോലീസ് പിക്കറ്റ് ഏർപ്പെടുത്തിയിട്ടുള്ളതും പ്രശ്നങ്ങൾ ഒന്നുമില്ലായിരുന്നതിനാൽ പോലീസ് പിക്കറ്റ് പിൻവലിച്ചിട്ടുള്ളതുമാണ്.

കിണാശ്ശേരി സുബ്രഹ്മണ്യന്റെ കൊലപാതകം

72 (3001)ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കിണാശ്ശേരി സുബ്രഹ്മണ്യന്റെ കൊലപാതകത്തിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ടോ; എങ്കിൽ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു;

(ബി) അന്വേഷണം പൂർത്തീകരിക്കുവാൻ കാലതാമസം വരുവാൻ കാരണം എന്തെന്ന് വെളിപ്പെടുത്തുമോ;

(സി) അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ എത്രയും വേഗം നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) കേസ് ക്രൈംബ്രാഞ്ച് അന്വേഷണത്തിലാണ്.

(സി) അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ വേണ്ട ഊർജ്ജിതശ്രമം നടന്നുവരുന്നു.

ക്ഷേത്രത്തിലെ ഉത്സവ സമയത്ത് നടന്ന അക്രമ സംഭവങ്ങൾ

73 (3002)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരാരിക്കുളം തെക്ക് പഞ്ചായത്ത് വളവനാട് ദേവീക്ഷേത്രത്തിലെ ഉത്സവത്തിൽ 1999 മാർച്ച് 3-ാം തീയതി നടന്ന കൊലപാതക കേസിൽ പോലീസ് നിരപരാധികളെ പ്രതികളാക്കുകയും അന്വേഷണത്തിന്റെ മറവിൽ സ്ത്രീകളേയും വൃദ്ധരേയും പീഡിപ്പിക്കുകയും ചെയ്തു എന്ന് കാണിച്ച് 166 പേർ ഒപ്പിട്ട നിവേദനം 20.5.1999-ന് മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്തു മേൽനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കൊലക്കേസിൽ ഞാനും പ്രതിയാണെന്നറിഞ്ഞ് നോർത്ത് ആര്യാട് കോളനിയിൽ കുക്കു ഭവനിൽ 21 വയസ്സുള്ള ബിജുമോൻ ഒതളങ്ങ കഴിച്ച് ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കൊലക്കേസിനെ സംബന്ധിച്ച് രജിസ്റ്റർ ചെയ്ത മാരാരിക്കുളം പോലീസ് സ്റ്റേഷൻ ക്രൈം 62/99-ാം നമ്പരിലെ പ്രഥമ വിവര മൊഴിയിൽ അഞ്ചുപേരുടെ പേരുകൾ പറഞ്ഞുകൊടുത്തത് ആരോ പറഞ്ഞറിഞ്ഞതാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ;

(ഇ) ഈ അഞ്ച്പേരെ മനഃപൂർവ്വം പ്രതികളാക്കുന്നതിനുള്ള ആസൂത്രിത നീക്കമായിരുന്നുവോ ഇതെന്ന് അന്വേഷിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസിന്റെ അന്വേഷണത്തിൽ പരാതി അടിസ്ഥാന രഹിതമാണെന്ന് വെളിവായതിനാൽ മറ്റ് മേൽനടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) മരിച്ച അക്കരയുടെ സഹോദരൻ ബിജുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ എടുത്ത എഫ്.ഐ.ആറിൽ അക്കരയെ ആശുപത്രിയിൽ കൊണ്ടുപോയവർ പറഞ്ഞാണ് പ്രതികളുടെ പേരുകൾ അറിഞ്ഞത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

(ഇ) മനഃപൂർവ്വം പ്രതികളാക്കുന്നതിനുള്ള ആസൂത്രിത നീക്കമുള്ളതായോ ഉണ്ടായതായോ അന്വേഷണത്തിൽ വെളിവായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly